ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രഹണം എന്നു പറയുന്നതു് എക്ലിപ്സ് എന്നുള്ള അർത്ഥത്തിലല്ലാ ഞാൻ ഇവിടെ വിവരിച്ചിട്ടുള്ളതു്. അപഗ്രഥനം എന്നുള്ളതിന്റെ ശരിയായ അർത്ഥം നിഘണ്ടുവിൽ നോക്കിയാൽ കാണാവുന്നതാണു്. അപഗ്രഥനമെന്നു പറഞ്ഞാൽ എക്ലിപ്സ് എന്നർത്ഥമില്ല.

മിസ്റ്റർ സ്പീക്കർ: ചോദ്യോത്തരങ്ങൾ അവസാനിച്ചിരിക്കുന്നു.

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): സർ, ബഹു. കണ്ണാറ ഗോപാലപ്പണിക്കർ മാച്ച് ചെയ്തു് ഉത്തരം പറയുന്നതിനായിട്ടു് അയച്ചിരുന്ന നം-൪-ം നമ്പർ ചോദ്യങ്ങൾക്കു് ഉത്തരം അന്നു് തയ്യാറാകാത്തതുകൊണ്ടു് പറയാൻ സാധിച്ചില്ല. ഇപ്പോൾ അവയുടെ ഉത്തരം കിട്ടിയിട്ടുണ്ടു്. അവ Written Answers ന്റെ കൂട്ടത്തിൽ മേശപ്പുറത്തു വച്ചിരിക്കുന്നു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഉത്തരം തയ്യാറാകാത്തതുകൊണ്ടാണു് അന്നു മറുപടി പറയാൻ സാധിക്കാതെ പോയതെന്നു് ചീഫ് മിനിസ്റ്റർ പറയുന്നതു ശരിതന്നെ. എന്നാൽ ഇന്നു് അവയ്ക്കുള്ള ഉത്തരം തയാറായി വന്നിട്ടുള്ളതുകൊണ്ടു് അവ മേശപ്പുറത്തു വയ്ക്കാതെ സഭയിൽ പ്രസ്താവിച്ചുകൂടെ?

മിസ്റ്റർ സ്പീക്കർ: അന്നന്നു ഉത്തരം തയ്യാറാകാത്ത ചോദ്യങ്ങൾക്കു് പിന്നീടു ഉത്തരം തയ്യാറായിവരുമ്പോൾ ആ ഉത്തരങ്ങൾ മേശപ്പുറത്തു് വയ്ക്കുകയാണു് പതിവു്. അതനുസരിച്ചു് മേശപ്പുറത്തു വച്ചതാണു്.

Written Answers ‡

(The numbers within brackets indicated the serial numbers in the lists of admitted questions for the respective dates to which the questions were posted.)

Starred Question posted for Answer on 23—2—1951

പോലീസു് മർദ്ദനം

*൧൫൪. (൪൩) ശ്രീ. കോന്നാത്തു കുഞ്ഞിരാമ മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൪൭-ലും ൧൯൪൮-ലും ഐക്യസംസ്ഥാനത്തു് പോലീസു് മർദ്ദനംമൂലം അപായം വന്ന കേസുകൾ എത്ര ഉണ്ടായിട്ടുണ്ടു്;

(ബി) ഇവിധമുള്ള അപായങ്ങൾ പോലീസു് മർദ്ദനം കൊണ്ടുണ്ടായതാണെന്നു് അന്വേഷണത്തിൽ തെളിഞ്ഞ കേസുകൾ എത്ര;

(സി) തെളിയാത്ത കേസുകൾ എത്ര:

(ഡി) അത്തരം കേസുകൾ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാർ ആരാണു്;

(ഇ) അപ്രകാരം തെളിഞ്ഞ കേസുകൾക്കു ഗവൺമെന്റു് എന്താണു് ശിക്ഷ നൽകിയതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൨.

(ബി) ൨.

‡The answers herein published are in respect of questions which were included in the lists for previous days of the Session but for which answers were not ready on the respective days and were furnished subsequently. Such answers together with the questions to which they relate were laid on the table on this date.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒന്നുമില്ല.

(ഡി) ഡിസ്ട്രിക്ട് സൂപ്രണ്ടുമാർ.

(ഇ) കേസു കോടതിയിൽ നടപടി നടന്നു വരുന്നതുകൊണ്ട് ഗവൺമെൻറ് നടപടി ഒന്നും എടുത്തിട്ടില്ല.

Starred question Posted for answer on 26—2—1951

കൺട്രോൾ സാധനങ്ങൾ

*൧൭൯. (൪൪) ശ്രീ. എസ്സ്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ജനങ്ങൾക്കു നിത്യോപയോഗത്തിനു കൺട്രോൾ ചെയ്തിട്ടുള്ള സാധനങ്ങൾ കമ്പോളങ്ങളിൽ ഒട്ടുംതന്നെ കിട്ടുന്നില്ലാ എന്നുള്ള പരാതി ബഹു. ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല

Starred Question posted for Answer on 26th February 1951

വനംപതിവ്

*൧൭൭. (൩൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പള്ളിവാസൽ പദ്ധതിയിൽ എത്ര ഏക്കർ സ്ഥലം ഇന്നുവരെ (ഒരു വർഷത്തിനുള്ളിൽ) ഇരുപതു വർഷത്തെ അവധിക്കു കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടെന്നും അതു എത്ര പേക്കായിട്ടാണ് കൊടുത്തിട്ടുള്ളതെന്നും, ആ സ്ഥലങ്ങളിലെ തടികൾ തിട്ടം വരുത്തി സൂക്ഷിച്ചുകൊള്ളാമെന്നു എഴുതി വെപ്പിച്ചിട്ടുണ്ടോ കൊടുത്തിട്ടുള്ളതെന്നും, അങ്ങിനെ എഴുതി വെപ്പിച്ചിട്ടുണ്ടെങ്കിൽ അതുകൊണ്ട് എത്ര തടികൾ ഇങ്ങിനെ സൂക്ഷിച്ചുകൊള്ളാമെന്നുള്ള ലിസ്റ്റിൽ പെട്ടിട്ടുണ്ടെന്നും ദയവുചെയ്ത പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ൫൩൨.൫ ഏക്കർ സ്ഥലം ൧,൩൯൩ പേക്കായി കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ട്. കുത്തകപ്പാട്ട ഉടമ്പടിയിൽ തടികൾ സൂക്ഷിച്ചുകൊള്ളാമെന്നു എഴുതി വെപ്പിച്ചിട്ടുണ്ട്.

	തടികളുടെ എണ്ണം
തേക്ക്	.. ൫,൫൧൧
ഈട്ടി	.. ൧,൫൦൨
മറ്റു മരങ്ങൾ	.. ൧൭,൩൨൦
ആകെ	.. ൨൪,൩൩൩

Starred Question posted for Answer on 27th February 1951

ആലപ്പുഴ—ചേർത്തലത്തോട്

*൧൭൮. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലപ്പുഴ—ചേർത്തലത്തോട് പണി ആരംഭിച്ചത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly